പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2231.    05.05.2017 ന് മറുപടിയ്ക്ക്

വ്യാജമദ്യവും സ്പിരിറ്റും തടയുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, കെ.സി.ജോസഫ്<br>,, റോജി എം. ജോൺ<br>,, എൽദോസ് കുന്നപ്പിള്ളി : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻതോതിൽ വ്യാജമദ്യവും, സ്പിരിറ്റും ഒഴുകുന്നതിനുള്ള സാഹചര്യമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നേരിടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്റർ പരിധിയിൽ മദ്യ വില്പന ശാലകൾ 2017 ഏപ്രിൽ 1 മുതൽ പ്രവർത്തിപ്പിക്കരുതെന്ന് ബഹു: സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശ ദൂരപരിധിയ്ക്കുള്ളിൽ പ്രവർത്തിച്ചു വന്നിരുന്ന മദ്യവില്പന ശാലകൾ മാറ്റി സ്ഥാപിക്കേണ്ടതായി വന്നു. എല്ലാ മദ്യവില്പന ശാലകളും ഇപ്രകാരം മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തതുമൂലം മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ വ്യാജമദ്യം, സ്പിരിറ്റ് തുടങ്ങിയവയുടെ ഉത്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനിടയുണ്ടെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ സാഹചര്യം മുന്നിൽ കണ്ട് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 01.04.2017 തീയതി മുതൽ 20.04.2017 തീയതിവരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ച് നിരന്തരം റെയ്ഡുകളും |

| | | | |
|---|---|---|---|
| | | | നിരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യാജമദ്യം സ്പിരിറ്റ്, മയക്കുമരുന്നുകൾ മുതലായവ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വാഹന പരിശോധനകൾ കർശനമാക്കുകയും ബോർഡർ/ ഹൈവേ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുമുണ്ട്. ഈ രീതിയിലുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ തുടരുന്നതാണ്. ഇതിനു പുറമെ എക്സൈസ് കമ്മീഷണ റുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. അതിർത്തി പ്രദേശത്ത് അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുടെയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ് മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുടെയും സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ വ്യാജമദ്യം/സ്പിരിറ്റ് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കി യിട്ടുണ്ട്. ദേശീയപാതകളിൽ വാഹന പരിശോധനയും, വ്യാജമദ്യ ഉല്പാദനം നടക്കാനിടയുള്ള സ്ഥലങ്ങളിലും വനമേഖലകളിലും പ്രത്യേക നിരീക്ഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വ്യാജമദ്യ ദുരന്തം ഉണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് എക്സൈസ് റെയിഡുകൾ കർശനമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ വ്യാജമദ്യത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ശ്രദ്ധിക്കുന്നതും ലൈസൻസ് സ്ഥാപനങ്ങളിൽ തുടർച്ചയായി പരിശോധനകൾ നടത്തി മദ്യം/കള്ള് സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധന നടത്തുന്നതും അതുവഴി ടി സ്ഥാപനങ്ങളിലൂടെ അംഗീകൃത മദ്യം മാത്രമാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |
| (സി) | ഉണ്ടെങ്കിൽ 2017 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ എത്ര റെയിഡുകൾ നടത്തിയെന്നും, ആയതിൽ എത്ര ലിറ്റർ വ്യാജമദ്യം/കോട പിടിച്ചെടുത്തു വെന്നും വെളിപ്പെടുത്തുമോ; | (സി) | 2017 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ എക്സൈസ് വകുപ്പ് 42625 റെയ്ഡുകൾ നടത്തിയിട്ടുള്ളതും ടി കാലയളവിൽ ആകെ 7548 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസുകളിൽ 1462 ലിറ്റർ സ്പിരിറ്റ്, 1026 ലിറ്റർ ചാരായം, 55980 ലിറ്റർ കോട, 3023 ലിറ്റർ വ്യാജമദ്യം തുടങ്ങിയവ പിടിച്ചെടുത്തിട്ടുള്ളതുമാണ്. |
| (ഡി) | 2016 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ നടത്തിയ റെയിഡുകളുടെ വിശദാംശവും, പിടിച്ചെടുത്ത വ്യാജ മദ്യത്തിന്റെയും, കോടയുടെയും അളവും വെളിപ്പെടുത്തുമോ? | (ഡി) | 2016 ജനുവരി 1 മുതൽ ഏപ്രിൽ 20 വരെ എക്സൈസ് വകുപ്പ് 42468 റെയ്ഡുകൾ നടത്തിയിട്ടുള്ളതും ടി കാലയളവിൽ ആകെ 7122 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസുകളിൽ 1677 ലിറ്റർ സ്പിരിറ്റ്, 1029 ലിറ്റർ ചാരായം, 41689 ലിറ്റർ കോട, 2621 ലിറ്റർ വ്യാജ മദ്യം തുടങ്ങിയവ പിടിച്ചെടുത്തിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**